(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യോത്തരങ്ങൾ

ടാറിന്റെ ദൗർലഭ്യം

* 3 [923] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, വി. കെ. ചന്ദ്രൻ:
,, എം. വി. ജയരാജൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിനാവശ്യമായ ടാർ ലഭ്യമല്ലാതെ വരുന്നതുമൂലം പലപ്പോഴും റോഡു പണിക്ക് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഈ വർഷം എത്ര കോടി രൂപയുടെ ടാർ ആവശ്യം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതുവരെ എന്ത് തുകയുടെ ടാർ വാങ്ങിയിട്ടുണ്ട്; ടാർ വാങ്ങിയ വകയിൽ എന്തു തുക കമ്പനികൾക്ക് കുടിശ്ശിക കൊടുക്കാനുണ്ട്;

(ഇ) ഈ വർഷം ഈ ഇനത്തിൽ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

മരാമത്തുവകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) റോഡു പണിക്കാവശ്യമായ ടാർ യഥാസമയം ലഭ്യമാക്കുന്നതിനു ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും ഇക്കഴിഞ്ഞ ഒരുവർഷക്കാലം മിക്കവാറും ആവശ്യത്തിനനുസൃതമായി ടാർ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കൊച്ചി റിഫൈനറിയുടെ ഉടമകളായ ബി. പി. സി. എൽ. കമ്പനിയിൽ നിന്നുമാണ് ഇപ്പോൾ പൊതുമരാമത്തു വകുപ്പിനാവശ്യമായ ടാർ മുഴുവനും വാങ്ങുന്നത്. വാങ്ങിയ ടാറിന്റെ വില നൽകുന്നതിൽ താമസം വരുമ്പോഴാണ് ലഭ്യത മെല്ലെയാകുന്നത്.

(സി) ഈ വർഷം 65 കോടിരൂപയുടെ ടാർ വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സാമ്പത്തിക വർഷം ഇതുവരെ 20.5 കോടി രൂപ എണ്ണ കമ്പനിക്ക് നൽകിയിട്ടുണ്ട്. ഇനിയും ഏകദേശം 26 കോടി രൂപ നൽകുവാനുണ്ട്.

(ഇ) ടാർ വാങ്ങുന്നതിനായി പ്രത്യേകം തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താറില്ല. അറ്റകുറ്റപ്പണികളുടെ ഹെഡിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് ടാർ വാങ്ങുന്നത്.

യു. ജി. സി. പ്രഖ്യാപിച്ച മികച്ച കോളേജുകൾ

* 4 [924] ശ്രീ. എ. സുജനപാൽ:
,, എ. പി. അനിൽകുമാർ:
,, വർക്കല കഹാർ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര കോളേജുകളെ മികച്ച കോളേജുകളായി യു. ജി. സി. പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിച്ച ഈ കോളേജുകളുടെ വികസനത്തിന് യു. ജി. സി. എന്തെല്ലാം സഹായങ്ങൾ ചെയ്തു?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കേരളത്തിലെ ഒരു കോളേജിനേയും മികച്ച കോളേജായി യു. ജി. സി. പ്രഖ്യാപിച്ചിട്ടില്ല. നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) 45 പ്രൈവറ്റ് എയിഡഡ് കോളേജുകളേയും, 3 സർക്കാർ കോളേജുകളേയും അക്രഡിറ്റ് ചെയ്തിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

സ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപകർ

* 5 [925] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത് ഏത് വിഷയത്തിൽ ബി. എഡ്. ബിരുദമുള്ളവരാണെന്ന് വ്യക്തമാക്കുമോ; എത്ര വർഷമായി ഇത് തുടരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ എല്ലാ സ്കൂളുകളിലും ഇംഗ്ലീഷിൽ ബിരുദമുള്ളവരെ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിനായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly